വ്യാപിപ്പിക്കുവാനും ഇതുമൂലം കഴിയും. ഇക്കാര്യത്തിൽ കേരള സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പുകളും അനുബന്ധം * I, II ആയി ചേർത്തിരിക്കുന്നു. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദേശങ്ങൾ അനുബന്ധം III* ആയി ചേർത്തിരിക്കുന്നു.

(ഇ) ടൂറിസം മേഖലയിൽ മാനവശേഷി വികസനത്തിന് മുന്തിയ പരിഗണനയാണ് സർക്കാർ നൽകിവരുന്നത്. ടൂറിസം വ്യവസായം നേരിടുന്ന പ്രധാന വെല്ലുവിളി ഈ മേഖലയിൽ ആവശ്യമായ മാനവശേഷി ഇനിയും കൈവരിച്ചിട്ടില്ല എന്നുള്ളതുതന്നെയാണ്. കിറ്റ്സ് നടത്തിയ ലോക്കൽ ട്രെയിനിംഗ് കോഴ്സ് പ്രകാരം ഇതിനോടകം 28 പേർ പരിശീലനം പൂർത്തിയാക്കുകയും അവർക്ക് ലൈസൻസുകൾ നൽകിയിട്ടുമുണ്ട്. ടൂറിസം മേഖലയിൽ ഉയർന്നുവരുന്ന തൊഴിൽ സാദ്ധ്യതകൾ കണക്കിലെടുത്ത് ഇത്തരത്തിലുള്ള പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നതുവഴി യുവാക്കൾക്ക് തൊഴിൽ ഈ മേഖലയിൽ ഉറപ്പുവരുത്താൻ സാധിക്കും.

സി. ഫോം രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ

25 (*655) ശ്രീ. ജോസഫ്. എം പുതുശേരി :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടൂറിസം, പോലീസ് വകുപ്പുകൾ സംയുക്തമായി നടപ്പാക്കുന്ന ഓൺലൈൻ സി.ഫോം രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ എന്ന് മുതലാണ് ആരംഭിച്ചത് ;

(ബി) പ്രസ്തുത ശൃംഖലയിൽ എത്ര ഹോട്ടലുകളെ ബന്ധിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിൽ ഉൾപ്പെടാത്ത എത്ര ഹോട്ടലുകൾ ഉണ്ട് ;

(ഡി) ഓൺലൈൻ സി.ഫോം രജിസ്ട്രേഷൻ ഏർപ്പെടുത്തിയതിനുശേഷം ഇതിന്റെ കാര്യക്ഷമത സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്തെ മുഴുവൻ ഹോട്ടലുകളേയും പ്രസ്തുത സംവിധാനത്തിൻ കീഴിൽ കൊണ്ടുവരുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :

(എ) 2010 ഏപ്രിൽ ഒന്നു മുതൽ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിൽ 375 സ്ഥാപനങ്ങളാണ് ഓൺലൈൻ സംവിധാനത്തിലൂടെ ഫോം. സി സമർപ്പിച്ചു തുടങ്ങിയിട്ടുള്ളത്.

(സി) എല്ലാ ഹോട്ടലുകളേയും ഇതിനായി തയാറാക്കിയ വിവര ശേഖരത്തിൽ ഉൾപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. പുതുതായി തുടങ്ങിയ സ്ഥാപനങ്ങൾക്കും, വിട്ടുപോയിട്ടുള്ള സ്ഥാപനങ്ങൾക്കും ഓൺലൈനായി തന്നെ രജിസ്ട്രേഷൻ ചെയ്യുന്നതിനുള്ള സൗകര്യം ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്. ടൂറിസം വകുപ്പും ആഭ്യന്തരവകുപ്പും ചേർന്ന് നടപ്പാക്കിയ ഈ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്നാണ് വ്യക്തമായിട്ടുള്ളത്. ദിനം പ്രതി കൂടുതൽ സ്ഥാപനങ്ങൾ ഈ സംവിധാനത്തിലേക്ക് വരുന്നുണ്ട്.

(ഇ) ടൂറിസം വകുപ്പും ആഭ്യന്തര വകുപ്പും ചേർന്ന് എല്ലാ ജില്ലകളിലേയും പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വച്ച് സ്ഥാപന ഉടമകൾക്കായി ഫോം.സി സമർപ്പണവുമായി ബന്ധപ്പെട്ട ശിൽപ്പശാല സംഘടിപ്പിക്കുകയുണ്ടായി കൂടാതെ ടൂറിസം വകുപ്പ് നടത്തുന്ന മറ്റു പരിശീലന പരിപാടികളിലും ഫോം സിയുടെ ഓൺലൈനിലൂടെയുള്ള സമർപ്പണം പ്രത്യേക വിഷയമാക്കുകയും ചെയ്തിട്ടുണ്ട്. അച്ചടി മാധ്യമങ്ങളിൽ നൽകുന്ന പരസ്യങ്ങളിലൂടെയും മുഴുവൻ സ്ഥാപനങ്ങളെയും ഈ സംവിധാനത്തിൻകീഴിൽ കൊണ്ടു വരുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ഫിഷ് ലാന്റിംഗ് സെന്ററുകൾ

26 (*656) ശ്രീ. എം. എ .വാഹീദ് :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മത്സ്യമേഖലയുടെ വികസനത്തിനായി തീരദേശ വികസന കോർപ്പറേഷൻ 2009-10 കാലയളവിൽ എവിടെയൊക്കെ ഫിഷ് ലാന്റിംഗ് സെന്ററുകൾ പണിയുന്നതിനാണ് തീരുമാനിച്ചിരുന്നത് ;

(ബി) ഇതിനായി ആകെ എന്തുതുക ചെലവാക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിരുന്നത് ;

(സി) ഈ കാലയളവിൽ എവിടെയൊക്കെ ഇത്തരം ഫിഷ് ലാന്റിംഗ് സെന്ററുകളുടെ പണി തുടങ്ങാനായി ;

(ഡി) ഇവയിൽ എത്ര സെന്ററുകളുടെ പണി പൂർത്തിയാക്കാൻ കഴിഞ്ഞു ;

(ഇ) ഈ വർഷം ഇവയിൽ എന്തൊക്കെ പണികൾ പൂർത്തിയാക്കും എന്നറിയിക്കുമോ ?

മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

LIBRARY ARCHIVES Kerala Legislative Assembly